## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 838 — 29.09.2016 ൽ മറുപടിക്ക്

### വിദ്യാലയങ്ങൾ ഏറ്റെടുക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ടി. ബൽറാം<br>ശ്രീ. പി.ടി. തോമസ് | പ്രൊഫ.സി. രവീന്ദ്രനാഥ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) വിദ്യാർത്ഥികളുടെ എണ്ണത്തിലുള്ള കുറവു കാരണം പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകുന്നതിൽ മാനേജർമാർ താല്പര്യം കാണിക്കാത്തതോ മാനേജർമാർ കൈയ്യൊഴിയുന്നതോ ആയ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിവരം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) വിവരങ്ങൾ പ്രത്യേകമായി ശേഖരിച്ചിട്ടില്ല. |
| (ബി) ഇത്തരത്തിലുള്ള ഏതെങ്കിലും വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;<br><br>(സി) ഇത്തരത്തിലുള്ള വിദ്യാലയങ്ങൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഉത്തരവുകളോ മാർഗ്ഗനിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (ബി) യും (സി) യും ഇത്തരത്തിലുള്ള സ്കൂളുകൾ സർക്കാർ ഏറ്റെടുത്തിട്ടില്ല. എന്നാൽ ബഹു. കോടതി വിധികളുടെ അടിസ്ഥാനത്തിൽ അടച്ചു പൂട്ടിയ 4 സ്കൂളുകൾ, (മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം. എൽ.പി. സ്കൂൾ, തൃശ്ശൂർ) സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27.07.2016 - ലെ 1332 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ; 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 05.8.16 - ലെ 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/ 16 നമ്പരായി പ്രസിദ്ധീകരിക്കുക യും ചെയ്തിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) |

Rama.V

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്